## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3728
## 21-06-2018 - ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടുപയോഗിച്ച് അരോളി ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം<br>**ശ്രീ. കെ.എം.ഷാജി** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) 2014-2015 ആസ്തി വികസന ഫണ്ടുപയോഗിച്ച് അഴീക്കോട് നേഴ്സിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നൽകിയ ശിപാർശയ്ക്ക് പകരമായി അരോളി സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന് 28.02.2018 ന് 01/KM/2018 നമ്പറായി ധനകാര്യ (നോഡൽ) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | 01/KM/2018 നമ്പറായി 28/02/2018 തീയതിയിൽ 2014-2015 ആസ്തി വികസന ഫണ്ട് സംബന്ധമായ കത്ത് ഈ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല. 2014-15 ആസ്തി വികസന ഫണ്ടുപയോഗിച്ച് അഴിക്കോട് നേഴ്സിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നൽകിയ ശിപാർശയ്ക്ക് പകരമായി പാപ്പിനിശ്ശേരി ഇ.എം.എസ് മെമ്മോറിയൽ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ 05/04/2017 ലെ സമാനമായ ശിപാർശയ്ക്ക് ധനകാര്യ വകുപ്പ് 23/07/2017 - ൽ നൽകിയ മറുപടി അനുബന്ധമായി നൽകുന്നു. |
| ബി) ഈ വിഷയത്തിൽ നാളിതുവരെ യാതൊരു വിധ മറുപടിയും ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | ചോദ്യം 'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| സി) ഈ കത്തിന്മേൽ സെക്രട്ടേറിയറ്റിൽ ആരംഭിച്ചിട്ടുള്ള ഫയലിന്റെ നമ്പറും മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ? | ടി കത്ത് ലഭിച്ചിട്ടില്ലാത്തതിനാൽ ഫയൽ നമ്പറില്ല. മറുപടിയും നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

**നം.എൻ.സി-സി-3/201/2016/ധന.**

**ധനകാര്യ(നോഡൽ സെന്റർ-സി) വകുപ്പ്**
**തിരുവനന്തപുരം.**
**തീയതി: 23/07/2017**

ധനകാര്യ റിസോഴ്സസ് സെക്രട്ടറി

ശ്രീ. കെ.എം. ഷാജി എം.എൽ.എ

സർ,

വിഷയം :- ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുവാനുള്ള ശുപാർശ – സംബന്ധിച്ച്.

സൂചന :- താങ്കളുടെ 05/04/2017 - ലെ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 12.04.2016 – ലെ 33/2016/ധന നമ്പർ സർക്കുലർ പ്രകാരം 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 01/04/2016 നു ശേഷം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് ഉപയോഗിച്ച്/ഫണ്ട് കൂട്ടിചേർത്ത് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അനുവദിക്കുന്നതല്ല. ടി പദ്ധതി നിർവ്വഹണം സംബന്ധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം 31.03.2016-ന് മുമ്പായി ജനപ്രതിനിധികൾ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണെങ്കിൽ മാത്രമേ 2015-16 – ലെ സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17-ൽ ധനാനുമതിയും ഭരണാനുമതിയും നൽകുവാൻ സാധിക്കുകയുള്ളൂ. നിയമസഭ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിയും ധനാനുമതിയും നൽകുന്ന അധികാരം 14 ജില്ലാ കളക്ടർമാരും നൽകികൊണ്ട് 04/07/2017 ലെ സ.ഉ.(അച്ചടി)നം.86/2017/ധന പ്രകാരം ഉത്തരവായ സാഹചര്യത്തിൽ താങ്കൾ ശുപാർശ ചെയ്യുന്ന പക്ഷം ടി പ്രവൃത്തി 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

Sd/-

**കെ.എസ്. ഉഷ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**